**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ. 735 17.07.2012 ൽ മറുപടിയ്ക്ക്

**സോഷ്യൽ സെക്യൂരിറ്റി മിഷൻ**

**ചോദ്യം**

ശ്രീ. സി.പി. മുഹമ്മദ്

,, ഹൈബി ഈഡൻ

'' എ.റ്റി. ജോർജ്

'' ഷാഫി പറമ്പിൽ

**ഉത്തരം**

**ഡോ. എം.കെ. മുനീർ**

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സഹായം നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി എല്ലാ വകുപ്പുകളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും , വോളന്റിയർമാരുടെയും, പൊതുജനങ്ങളുടെയും സഹായത്തോടെ സ്റ്റാമ്പ് വിൽപ്പന നടത്തി ഫണ്ട് ശേഖരിക്കുന്നതിന് സുരക്ഷാ മിഷൻ നടപടി സ്വീകരിച്ച് വരുന്നു. സുരക്ഷാ മിഷന്റെ പദ്ധതികളിൽ കേരളത്തിലുള്ള എല്ലാ ജില്ലകളിലെയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സഹായം എത്തിക്കുന്നതിനുമായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഹെഡ് ഓഫീസിനു പുറമെ കോഴിക്കോട് ജില്ലയിൽ റീജിയണൽ ഓഫീസ് പ്രവർത്തിക്കുകയും മറ്റ് മേഖലകൾക്കായി റീജിയണൽ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (ബി) | കാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ ബാധിച്ചവർക്ക് സാന്ത്വനം നല്കുന്നതിനായി പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകളുമായി യോജിച്ച് സോഷ്യൽ സെക്യൂരിറ്റി മിഷൻ പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ ; | (ബി) യും (സി) യും | നിലവിൽ സന്നദ്ധ സംഘടനകളുമായി യോജിച്ചു പ്രവർത്തിക്കുന്നില്ല. |
| (സി) | ഇത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | |

R. Vijayakumar (signature)

സെക്ഷൻ ഓഫീസർ